മി. സ്പീക്കർ: ഓർഡർ...., ഓർഡർ .......... ചോദ്യം നമ്പർ *91

## കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരത

(*91) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി) കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുമായി വിപണി ഇടപെടൽ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണശാലകളുടെ കുറവ് ഒരു കാരണമായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാനത്ത് കർഷകൻ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. 26/10/2020- ലെ G.O.(Ms) 80/2020/Agri ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം-പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു.+ കൃഷി വകുപ്പിന്റെ Agriculture Information Management System എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച അടിസ്ഥാന വിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് DBT- യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ ഈ ഇനത്തിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ മാർക്കറ്റുകൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക്

ഉൽപ്പന്നങ്ങൾ വാങ്ങാനും അതിലൂടെ വിലസ്ഥിരത ഉറപ്പാക്കാൻ കഴിയുകയും ചെയ്യുന്നു.

(ബി) ഉത്സവ കാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും പൊതു വിപണിയിലെ വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതുമാണ്. ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സംഭരണം ഏകോപിപ്പിക്കുന്നത്. ഓണം സമൃദ്ധി 2021 നടത്തുന്നതിലേക്കായി 19/07/2021 -ലെ G.O. (Rt) 602/2021/Agri പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 മാർക്കറ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണശാലകളുടെ കുറവുണ്ട്. ആയത് പരിഹരിക്കാൻ ജില്ലാതല സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 112 ലക്ഷം രൂപയുടെ ഭരണാനുമതിയും കണ്ടെയ്നർ മോഡൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് 252 ലക്ഷം രൂപയുടെ ഭരണാനുമതിയും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വിപണന വാഹനം സജ്ജമാക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. സംഭരിച്ച ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ച് വകുപ്പുവഴിയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴിയും സംഭരണശാലകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിച്ച് (എഫ്.പി.ഒ.) ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചുവരുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, തറവില പ്രഖ്യാപിച്ചിട്ട് ഏകദേശം 10 മാസം കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ

സൂചിപ്പിക്കുകയുണ്ടായി. 10 മാസം പിന്നിടുമ്പോൾ കർഷകർ വളരെ പ്രതീക്ഷയോടെ നോക്കിക്കണ്ട ഒരുകാര്യം, തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ മതിയായ വില ലഭിക്കാതെവന്നാൽ കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് ഗവൺമെന്റ് പച്ചക്കറിയുൾപ്പെടെയുള്ളവ സംഭരിക്കുമെന്ന് പറയുന്നത് വളരെ ആശ്വാസമായിട്ടാണ് കണക്കാക്കിയത്. എന്നാൽ ഇതുവരെ ഇതിന്റെ പ്രയോജനം കേരളത്തിലെ കർഷകർക്ക് ലഭിച്ചിട്ടില്ലെന്നുള്ളതാണ് ഞങ്ങൾ ഈ ചോദ്യം ഉന്നയിക്കുന്നതിന്റെ മുഖ്യമായ പ്രശ്നം. ഈ പത്ത് മാസങ്ങളിലായി ജില്ലാതലത്തിൽ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാൻ ആളില്ലാതെ വലിയ പ്രതിസന്ധി നേരിടുകയാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കൃഷിക്കാർക്ക് പ്രയോജനം കിട്ടുന്ന വിധത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി താങ്ങുവില നിശ്ചയിച്ചതുപോലെ സംഭരിക്കുന്നതിനുവേണ്ടിയുമൊക്കെ ഗവൺമെന്റ് നിർദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും ആ നിർദേശങ്ങൾക്കനുസരിച്ച് താഴെത്തട്ടിലേയ്ക്ക് ഒരു ക്രമീകരണങ്ങളുമുണ്ടായിട്ടില്ല. എന്നാൽ ഗവൺമെന്റിന്റെ ഈ

പ്രഖ്യാപനത്തിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കൃഷിക്കാർ ഈ രംഗത്ത് താൽപ്പര്യപൂർവ്വം മുന്നോട്ട് വരുകയും ചെയ്തു. എന്നാൽ അതനുസരിച്ച് സഹായിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; നിശ്ചയിച്ച തറവിലയ്ക്കനുസരിച്ചുതന്നെ ഉൽപ്പന്നങ്ങളുടെ സംഭരണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ഫലപ്രദമാക്കുമോ; ജില്ലാതലത്തിൽ ഇപ്പോഴുള്ള സംഭരണത്തിന് ഉത്തരവാദികളില്ലാത്ത വിധത്തിൽ നിൽക്കുന്ന ഈ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. പ്രസാദ്: സർ, ഇന്ത്യയിൽ ആദ്യമായിട്ടാണ് പഴം-പച്ചക്കറികൾക്ക് സംഭരണവില നിശ്ചയിക്കുന്ന ഒരു സംവിധാനം നമ്മൾ പ്രാവർത്തികമാക്കിയത്. നമ്മുടെ മുമ്പിൽ യാതൊരു തരത്തിലുള്ള മാതൃകകളും ഉണ്ടായിരുന്നില്ല. രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിലേയ്ക്ക് ഇതുനടപ്പാക്കാൻ സാധിച്ചു. കേന്ദ്രസർക്കാർ കണക്കുകൂട്ടിയിരുന്ന മാനദണ്ഡങ്ങളിൽ നമ്മുടേതായ കൂടുതൽ ആനുകൂല്യങ്ങൾകൂടി ചേർത്ത് പുതിയൊരു രീതി അവലംബിക്കുകയായിരുന്നു. നിരവധിയായ കർഷകർ

Agriculture Information Management System (AIMS) എന്ന പോർട്ടറിൽ രജിസ്റ്റർ ചെയ്ത് ഇടനിലക്കാരോ മറ്റ് ആളുകളോ തങ്ങളുടെ ആനുകൂല്യങ്ങൾ അപഹരിച്ചുകൊണ്ട് പോകാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തിയപ്പോൾ 61,225 പഴം-പച്ചക്കറി കർഷകരാണ് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തത്. അതിന്റെ അർത്ഥം കർഷകർ ഈ രംഗത്തേയ്ക്ക് വലിയ താല്പര്യപൂർവ്വം മുന്നോട്ട് വരുന്നുണ്ടെന്നതാണ്. എനിക്ക് ഈ സഭയോട് പറയാനുള്ളത്, നമ്മുടെ ജനപ്രതിനിധികളടക്കമുള്ളവർ നല്ലരീതിയിൽ പരിശ്രമിച്ചാൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്താൻ കഴിയുമെന്നുള്ളതാണ്. അടിസ്ഥാനവിലയുടെ കാര്യം നോക്കുമ്പോൾ അതിനകത്ത് ചില ഇനങ്ങളുടെ സംഭരണത്തിന്റെ കാര്യത്തിൽ ചില പ്രശ്നങ്ങളെല്ലാം ഈ അടുത്ത കാലത്ത് സംഭവിച്ചിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ട പ്രശ്നമായി മാറിയത് അടുത്തിടെ സംഭവിച്ച കാലവർഷക്കെടുതികളാണ്. നമ്മുടെ നിയന്ത്രണത്തിലല്ലാത്ത ഇത്തരം പ്രശ്നങ്ങളുടെ പേരിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നിരവധിയുണ്ട്. എന്നാൽ അതുകൊണ്ട് മാത്രമല്ല, സംഭരണത്തിന്റെ കാര്യത്തിൽ ഞാൻ എന്റെ മറുപടിയിൽ നേരത്തെ സൂചിപ്പിച്ചതുപോലെ പഴങ്ങളും പച്ചക്കറികളും കൂടുതൽ

നാൾ കേട്ടുകൂടാതെ ഇരിക്കുന്നില്ലെന്നുള്ളതുകൊണ്ടുതന്നെ അവയെ അത്തരത്തിൽ സൂക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വില നിശ്ചയിച്ചതിന്റെ പേരിൽ കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പരിശോധിക്കുമ്പോൾതന്നെ 4,907 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി ചെയ്തുവെന്ന് പറയുന്നത് ഈ കണക്ക് പ്രകാരം സംസ്ഥാന സർക്കാരിന്റെ ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള കൃഷിയെക്കുറിച്ചാണ്. അപ്പോൾ അത്രയും ആനുകൂല്യം ഈ നാട്ടിൽ കർഷകർക്ക് ലഭിച്ചുവെന്നുള്ളതാണ് ഇതിൽനിന്നെല്ലാം മനസ്സിലാവുന്നത്. നമ്മൾ ആദ്യമായി നടപ്പിലാക്കിയ ഒരു പദ്ധതിയെന്നനിലയ്ക്കുതന്നെ ഏതെങ്കിലും തരത്തിൽ പോരായ്മകളോ കുറവുകളോ ശ്രദ്ധയിൽപ്പെട്ടാൽ അതെല്ലാം പരിഹരിക്കുന്നതിൽ യാതൊരു മടിയും ഉണ്ടാകുകയില്ല. സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഇതിനുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത്

ചെയ്യുകയും ചെയ്യും. ഏതെങ്കിലും വിളകളുമായിട്ടുണ്ടാകുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് അടിയന്തരമായി ഇടപെട്ട് അത് പരിഹരിക്കുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് ജനപ്രതിനിധികളെല്ലാവരും ഇക്കാര്യത്തിൽ സഹകരിക്കണമെന്നാണ്. ഞങ്ങളെല്ലാം സഹകരിച്ച് ഇതിന്റെ കൂടെ നിന്നിരുന്നു. എന്നാൽ ഇപ്പോൾ വലിയ ഉപദ്രവമാകുന്നു. നമുക്ക് കൃഷിക്കാരോട് സമാധാനം പറയാൻ പറ്റുന്നില്ല. ഇത് ആദ്യമായി ആരംഭിച്ച പദ്ധതിയാണെന്ന് അങ്ങ് പറഞ്ഞു. എന്നാൽ പദ്ധതിയുടെ പ്രയോജനം യഥാർത്ഥ കൃഷിക്കാരന് ലഭിക്കണം. ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ ചൂണ്ടിക്കാണിക്കുകയാണ്. കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട കുറുപ്പന്തറ കേന്ദ്രമായാണ് വിവിധ ക്ലസ്റ്ററുകളിൽനിന്നുള്ള പച്ചക്കറികൾ ഉൾപ്പെടെ സംഭരിക്കുന്നത്. കഴിഞ്ഞ 10 മാസംകൊണ്ട് സംഭരിച്ച ഉൽപ്പന്നങ്ങളുടെ വില കർഷകർക്ക് നൽകിയിട്ടില്ല. ഹോർട്ടികോർപ്പ് ഒരു സംരംഭം ആദ്യം നടത്തി. ഇപ്പോൾ അവർ തിരിഞ്ഞുനോക്കുന്നില്ല. ഈ സംഭരിച്ചതിന്റെ തുക ഇതുവരെ

കൊടുക്കാത്തതുകൊണ്ട് 10 മാസമായി കർഷകർ നട്ടംതിരിയുകയാണ്. അങ്ങ് ഈ പ്രശ്നം ഗൗരവമായി കാണണം. ഇത് ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ നടപ്പാക്കി, നല്ല കാര്യം. പക്ഷേ ഇത് കർഷകന് ഗുണം ചെയ്യാതെ ഉപദ്രവമാകുന്ന സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാകണം. അതുകൊണ്ട് ഈ പ്രശ്നം അങ്ങ് പരിശോധിക്കണം. ഹോർട്ടികോർപ്പ് വഴി കൃഷിക്കാരിൽനിന്ന് സംഭരിച്ച പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ തറവില നിശ്ചയിച്ച ഇനങ്ങൾക്കെല്ലാം കൊടുത്തുതീർക്കാനുള്ള തുക എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോയെന്ന് അങ്ങ് വ്യക്തമാക്കണം.

<u>ശ്രീ. പി. പ്രസാദ്</u>: സർ, സംഭരണത്തിന്റെ കാര്യത്തിൽ കുറച്ച് സ്ഥലങ്ങളിൽ മാത്രമാണ് പ്രശ്നങ്ങളുള്ളത്. സംഭരിച്ച മുഴുവൻ പച്ചക്കറികളുടെയും തുക കർഷകർക്ക് കൊടുത്തുതീർക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. ചിലയിടങ്ങളിൽ അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇത്തരമൊരു പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ ചില ബുദ്ധിമുട്ടുകൾ സംഭവിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ വിപുലമായ ആലോചനായോഗങ്ങൾ, ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ യോഗങ്ങൾ, ബാങ്ക് പ്രതിനിധികളുടെ യോഗങ്ങൾ എന്നിവ ചേർന്നു. സംഭരണത്തിന്റെ കാര്യത്തിൽ ശക്തമായ സംവിധാനം കേരളത്തിൽ ഒരുക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് തുടരുകയും ചെയ്യും. പണം നൽകുന്നതിന് നേരിട്ട കാലതാമസം ഒഴിവാക്കി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണിയും യു.ഡി.എഫ്-ഉം ഒരു കിലോഗ്രാം റബ്ബറിന്റെ സംഭരണ വില 250 രൂപയാക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതുപോലെ നാളികേരത്തിന് ഇപ്പോഴത്തെ സംഭരണ വില 32 രൂപയാണ്. മാർക്കറ്റിൽ ഒരു കിലോ നാളികേരത്തിന് 35 രൂപയുണ്ട്. അതുകൊണ്ട് നാളികേരത്തിന്റെ വില 40 രൂപയായിട്ടെങ്കിലും ഉയർത്തിയാൽ മാത്രമേ കൃഷിക്കാർക്ക് പ്രയോജനമുള്ളൂ. റബ്ബറിന്റെ മിനിമം പ്രൈസ് കിലോഗ്രാമിന് 250 രൂപയാക്കാനും നാളികേരത്തിന് 40 രൂപയാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ നാളികേര സംഭരണത്തിന് ഒരു നിശ്ചിതവില നിശ്ചയിച്ചിട്ടുണ്ട്. ആ വിലയേക്കാൾ കൂടിയവിലയാണ് മാർക്കറ്റിലുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ അടിയന്തരയോഗം ചേർന്ന് നാളികേരം സംഭരിക്കാൻ നിർദ്ദേശം നൽകിട്ടുണ്ട്. കേരളത്തിൽ എല്ലായിടത്തും ഒരുപോലെ നാളികേരത്തിന്റെ വില കുറഞ്ഞതായിട്ടല്ല ഇപ്പോൾ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. വില കുറയുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാൻ കേരഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ നാഫെഡ് (NAFED)-ന്റെ പ്രതിനിധികളുമുണ്ടായിരുന്നു. ഓരോ തവണയും വില കുറഞ്ഞ്, വിലത്തകർച്ചയിലേയ്ക്കെത്തുമ്പോൾ ഇത്തരത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി മാർക്കറ്റിൽ വിലകൂടുന്നുവെന്നുള്ളതാണ് അനുഭവം. അപ്രകാരമുള്ളൊരു ഇടപെടൽ നാളികേരത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. റബ്ബർ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ അല്ലെങ്കിൽപ്പോലും കേരളത്തിന്റെ എല്ലാ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും റബ്ബറിന്റെ കാര്യത്തിൽ

സഹായിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരളം അങ്ങനെയൊരു നിലപാട് സ്വീകരിച്ചതുകൊണ്ട് റബ്ബറിന്റെ വില 150 രൂപയിൽനിന്നും 170 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന തീരുമാനം നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സംഭരിച്ച പച്ചക്കറികളുടെ വിലനൽകുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. (VFPCK) എന്നീ സ്ഥാപനങ്ങളുടെ ലക്ഷ്യം നമ്മുടെ കർഷകരിൽനിന്നും പച്ചക്കറികളും പഴങ്ങളും സംഭരിക്കുകയെന്നുള്ളതാണ്. ഹോർട്ടികോർപ്പ് തമിഴ്നാട്ടിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികൾ കൊണ്ടുവന്ന് ഇവിടെ വിൽപ്പന നടത്തുന്നുവെന്നത് ഇതിനുമുൻപും ലഭിച്ചിട്ടുള്ള ഒരു പരാതിയാണ്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം സർക്കാർ മോണിറ്റർ ചെയ്യുന്നുണ്ടോ; ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ തുടർച്ചയായി വരുമ്പോൾ അതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പച്ചക്കറിക്കടയിലേയ്ക്ക് ഒരാൾ പോയാൽ അവർക്കാവശ്യമായ സാധനങ്ങളുടെ ലിസ്റ്റിൽ ഉരുളക്കിഴങ്ങ്, സവാള

ഇങ്ങനെ പറഞ്ഞാണ് ഇനങ്ങൾ വാങ്ങാൻ തുടങ്ങുന്നത്. ഈ ഉരുളക്കിഴങ്ങും സവാളയും കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവന്നേ മതിയാവൂ. അതൊന്നും കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന വിളകളുടെ കൂട്ടത്തിൽ വരുന്നതല്ല. അതുകൊണ്ട് സ്റ്റാളുകൾ തുടങ്ങുമ്പോൾ നമ്മുടെ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ മാത്രം വില്പന നടത്തുന്നത് ബുദ്ധിമുട്ടാണ്. കേരളത്തിന് പുറത്തുനിന്നും ചിലയിനങ്ങൾ നമുക്ക് സ്വീകരിക്കേണ്ടതായി വരുന്നുണ്ട്. ആ ഒരു യാഥാർത്ഥ്യമാണ് ഇതിനകത്ത് ഗൗരവതരമായി കാണേണ്ടതെന്നാണ് സർക്കാരിന് പറയാനുള്ളത്.

രണ്ട്, കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിൽ യാതൊരു വിധത്തിലുമുള്ള പോരായ്മകളുണ്ടാകാനും പാടില്ലായെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മൂന്ന്, ഹോർട്ടികോർപ്പിൽ കൃഷി വകുപ്പിന്റെ നേരിട്ടുള്ളൊരു പരിശോധനയുണ്ടാകുമോ എന്ന് ബഹുമാനപ്പെട്ട അംഗം ചോദിച്ചു. ഇപ്പോൾ കേരളത്തിലെ മുഴുവൻ ജില്ലകളിലും ഇതിന്റെ ഏറ്റവും പ്രമുഖമായ ചുമതലകൾ നിർവ്വഹിക്കാൻ കൃഷി വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരിക്കുന്നത്. പതിനാല് ജില്ലകളിലും ഒരു അസിസ്റ്റന്റ് ഡയറക്ടറെ

പ്രത്യേകമായി ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാണ് അതാതു ജില്ലകളിലെ ഹോർട്ടികോർപ്പിന്റെ പ്രവർത്തനം നടക്കുന്നത്. അതിനാൽ സംഭരണത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണം ഇപ്പോൾ സാധ്യമാക്കിയിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, റബ്ബറിന്റെ ഇപ്പോഴത്തെ മാർക്കറ്റ് വില 172 രൂപയാണ്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന തറവില 170 രൂപയാണ്. ഇത് 200 രൂപയെങ്കിലും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇപ്പോഴത്തെ രീതിയിൽ സംസ്ഥാന സർക്കാരിന് ഞാൻ നേരത്തേ പറഞ്ഞ തുക നൽകാൻ മാത്രമേ സാധിക്കൂ എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. ഡി. കെ. മുരളി: സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളിലെ പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെടുത്താനാണ് എന്റെ ഉപചോദ്യം. നമ്മുടെ നാട്ടിൽ ക്ലസ്റ്ററുകളിൽനിന്നും കൃഷിക്കാരുടെ കൂട്ടായ്മകൾ കാർഷിക വിഭവങ്ങൾ പ്രാദേശിക വിപണികളിലൂടെ സംഭരിച്ച് ഹോർട്ടികോർപ്പിനും വി.എഫ്.പി.സി.കെ.-ക്കും നൽകുന്നുണ്ട്. കൃഷിക്കാർക്ക് നേരിട്ട് വിലനൽകാൻ സർക്കാരെടുത്ത തീരുമാനം ശ്ലാഘനീയമാണ്. കൃഷിക്കാർക്ക്

യഥാർത്ഥ വില ലഭ്യമാകുകയും ചെയ്യും. എന്നാൽ ഇക്കാര്യത്തിൽ വിപണികൾ മുഖാന്തരം സംഭരിക്കുകയും ആ വില കൃഷിക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ട്. അതിന്റെ പ്രതിഫലംകൂടി നേരിട്ട് കൃഷിക്കാർക്ക് ലഭ്യമാകുന്നതിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. പി. പ്രസാദ്: സർ, കർഷകർക്ക് അവരുടെ ഉല്പന്നത്തിന്റെ വില കൃത്യമായിത്തന്നെ ലഭിക്കണമെന്ന കാര്യത്തിൽ സർക്കാരിന് ശാഠ്യമുണ്ട്. ശ്രദ്ധയിൽപ്പെടുന്ന ഇത്തരം കാര്യങ്ങൾ പരിശോധിച്ച് പരിഹരിക്കാൻ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകരെ സഹായിക്കുക എന്നതിനപ്പുറത്തേയ്ക്ക് കർഷകർക്ക് ഏതുസഹായവും കൃത്യമായി എത്തിക്കുക എന്നുള്ളതുതന്നെയാണ് സർക്കാരിന്റെ നിലപാട്. ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളെല്ലാം പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശ രാജ്യങ്ങളിൽനിന്നും പച്ചക്കറി, പഴങ്ങൾ, മത്തി മീൻ വരെ നമ്മൾ ഇംപോർട്ട് ചെയ്യുന്നു. നമ്മുടെ സ്വന്തം ഉല്പന്നങ്ങൾ വിൽക്കാൻ കഴിയാതെ പലപ്പോഴും നശിച്ചുപോകുന്നു. ഇത്

സ്റ്റോർ ചെയ്യുന്നതിനായി ചില്ലറില്ല, കോൾഡ് സ്റ്റോറില്ല എന്നുള്ളതാണ് പ്രധാനപ്പെട്ടൊരു കാരണം. പാലക്കാട് വ്യവസായ പാർക്കിൽ ഏകദേശം 5000 ടൺ സംഭരണശേഷിയുള്ള ഒരു കോൾഡ് സ്റ്റോർ രണ്ടരവർഷം മുൻപ് ഉദ്ഘാടനം ചെയ്തു. ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുപോലെ ഒരു ലക്ഷം കോടി രൂപയുടെ സഹായ പാക്കേജാണ് കഴിഞ്ഞ വർഷം രണ്ടാമത്തെ ഫിനാൻസ് പാക്കേജിൽ കേന്ദ്ര സർക്കാർ കൃഷി വകുപ്പിനുവേണ്ടി പ്രഖ്യാപിച്ചത്. അതിൽനിന്നും സംസ്ഥാന സർക്കാരിന് എത്ര ലഭിക്കും; ഏതെല്ലാം സ്ഥലങ്ങളിൽ ഇതുപോലുള്ള സ്റ്റോറുകൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പാലക്കാടുള്ള കാര്യം പരിശോധിക്കുന്നതാണ്. നിരവധി കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ഇതുമായി ബന്ധപ്പെടുത്തി പറയുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ, പഴം അടക്കമുള്ളവ കൂടുതൽ ദിവസങ്ങളിൽ സംഭരിച്ചുവയ്ക്കാൻ സംഭരണശാലകളില്ലാത്തതിനാൽ കൂടുതൽ നാൾ സംഭരിച്ചുവയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. അതിനാൽ ശീതീകരിച്ച സംഭരണകേന്ദ്രങ്ങൾ ഉൾപ്പെടെ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 150 ഫാർമേഴ്സ് പ്രൊഡ്യൂസർ

ഓർഗനൈസേഷനുകൾകൂടി വരുമ്പോൾ സംഭരിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റുന്നതിനുള്ള സംവിധാനമുണ്ടാകും. കേരളത്തെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിച്ച് അതിനെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായിമാറ്റി അവിടെ ഓരോയിടങ്ങളിലും പ്രത്യേകമായി കൃഷി ഏതൊക്കെയാണ് വേണ്ടതെന്ന് കണക്കുകൂട്ടി, കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും അടിസ്ഥാനത്തിൽ പ്രത്യേകമായ വിളകൾ അവിടങ്ങളിൽ കൃഷി ചെയ്യുമ്പോൾ ആ മേഖലകളുമായി കേന്ദ്രീകരിച്ച് കൂടുതൽ സംഭരണകേന്ദ്രങ്ങൾ രൂപീകരിക്കുന്ന കാര്യമാണ് സർക്കാർ ആലോചിക്കുന്നത്. സംഭരണത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ ശാസ്ത്രീയമായ ഒരു രീതി അവലംബിച്ച് നടപ്പാക്കും. അതിനാവശ്യമായ കേന്ദ്രത്തിന്റെ വിവിധ സഹായങ്ങൾ ഉൾപ്പെടെ സ്വീകരിച്ചുകൊണ്ട് കാര്യങ്ങൾ നടപ്പിലാക്കും.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, കാർഷിക മേഖലയിൽ സർക്കാർ ഇടപെടുന്നത് വലിയ സഹായമാകുന്നുണ്ട്. നമ്മുടെ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കുടുംബശ്രീയടക്കം വലിയ കൂട്ടായ്മകളാണ്

കാർഷികമേഖലയിൽ ഇടപെടുന്നത്. നെൽകൃഷിപോലുള്ള കാർഷിക മേഖലയിൽ ഇടപെടുമ്പോൾ ഇതിന് സഹായകമായ രീതിയിൽ വിതയ്ക്കാനും കൊയ്യാനുമുള്ള സൗകര്യങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലടക്കം ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; കുടുംബശ്രീക്കുവേണ്ടി കോഴിക്കോട് ജില്ലയിലെ തടമ്പാട്ടുതാഴം എന്ന സ്ഥലത്തെ ഗോഡൗൺ സ്റ്റോറായി ഉപയോഗപ്പെടുത്തതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നെല്ലിന്റെ കാര്യത്തിൽ കുടുംബശ്രീ നടത്തുന്ന ഇടപെടലുകളെക്കുറിച്ചാണ്. നമുക്ക് വലിയ നേട്ടം ഈ മേഖലയിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെല്ലാം നെൽകൃഷി ചെയ്യുന്ന ഇടങ്ങളുടെ വിസ്തൃതി വർദ്ധിച്ചു. ഉല്പാദനം നന്നായി കൂടിയിട്ടുണ്ട്. 2011-2012 വർഷത്തിൽ അഞ്ച് ലക്ഷത്തി അറുപത്തി എട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിമൂന്ന് ടൺ നെല്ലാണ് ഉല്പാദിപ്പിച്ചതെങ്കിൽ 2019-2020 ആകുമ്പോഴേക്കും അത് അറുപത് ലക്ഷത്തി അൻപത്തി അയ്യായിരത്തി നാല്പത്തിയൊന്ന് എന്ന കണക്കിലേയ്ക്ക് എത്തി. ഇത്തരത്തിൽ വലിയ വർദ്ധനവുണ്ടാകുന്നത് കുടുംബശ്രീ അടക്കമുള്ള

ഘടകങ്ങളുടെ നല്ല ഇടപെടലുകൾ ഈ രംഗത്തുണ്ടായി എന്നതിന് തെളിവാണ്. തീർച്ചയായും തൊഴിലുറപ്പുപോലുള്ള കാര്യങ്ങൾ ഇതിനകത്ത് എങ്ങനെയെല്ലാം ഉൾപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഇവിടെ ഉന്നയിച്ച കോഴിക്കോട് ജില്ലയിലെ ഗോഡൗണിന്റെ കാര്യം പരിശോധിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാട്ടിലെ കർഷകർ ഏറെ ബുദ്ധിമുട്ടോടുകൂടി കടന്നുപോകുകയാണ്. ഇവിടെ പ്രതിപാദിച്ച സംഭരണവിലയും മാർക്കറ്റ് വിലയും കർഷകന്റെ യഥാർത്ഥ അവസ്ഥയും തമ്മിൽ വലിയ അന്തരമുണ്ട്. ഒരു കിലോഗ്രാം മരച്ചീനിക്ക് 12 രൂപ സർക്കാർ തീരുമാനിച്ചപ്പോൾ മാർക്കറ്റിൽ കർഷകൻ മൂന്ന് രൂപയ്ക്കും നാല് രൂപയ്ക്കും വെറുതേയും കൊടുക്കുന്ന അവസ്ഥയാണ്. വാഴക്കുലയ്ക്ക് സർക്കാർ തീരുമാനിച്ചത് മറ്റ് ജില്ലകളിൽ 30 രൂപയാണ്. എന്നാൽ വയനാട്ടിലെ വാഴക്കുലയ്ക്ക് സർക്കാർ തീരുമാനിച്ചത് 24 രൂപയാണ്. ഇത് കടുത്ത അനീതിയാണ്. ഒരു ജില്ലയിലെ ആയിരക്കണക്കിന് കർഷകരോട് ചെയ്യുന്ന വലിയ അനീതിയാണ്. ഒരു കാരണവശാലും മുന്നോട്ടുകൊണ്ടുപോകാൻ പാടില്ലാത്തതാണ്. വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് ഉൾപ്പെടെ സംഭരണം

ചെയ്തുകൊണ്ടിരിക്കുന്നു. 75000 ടൺ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുമ്പോൾ 100 ടൺ ആണ് സംഭരിക്കുന്നത്. കർഷകർ എന്തുചെയ്യുമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായിട്ടുള്ള ഒരു സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, നമ്മൾ ഇതിനെല്ലാം അടിസ്ഥാനവില നിശ്ചയിച്ചതിനകത്ത് ഞാൻ നേരത്തെതന്നെ സഭ മുമ്പാകെ പറഞ്ഞതാണ്, നമുക്കൊരു മാനദണ്ഡമുണ്ട്. ആ മാനദണ്ഡം ഇന്ത്യാ ഗവൺമെന്റിന്റെ മെത്തഡോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇവിടെ രൂപീകരിച്ചിട്ടുള്ളത്. വിത്ത്, വളം മുതലായ ഉൽപ്പാദനോപാധികൾക്ക് വേണ്ടിവരുന്ന ചെലവിനെ കണക്കാക്കുന്ന 'എ 1 ' എന്ന കാറ്റഗറിയിൽപ്പെടുന്ന ഒന്നുണ്ട്. അത് ഇൻപുട്ട് കോസ്റ്റ് എന്നാണ് കണക്കുകൂട്ടുന്നത്. രണ്ടാമത്തേത്, എ 1-ന്റെ കൂടെ പാട്ടക്കൂലിയും ചേർക്കുന്ന 'എ 2' എന്നൊരു കാറ്റഗറിയാണ്. ഇതോടൊപ്പം എ 2-ന്റെ കൂടെ കുടുംബത്തിന്റെ ഇൻവോൾവ്മെന്റുകൂടി ചേർക്കുന്ന മറ്റൊന്നുണ്ട്. ഇതാണ് കേരളം കൈക്കൊണ്ടിട്ടുള്ള രീതി. കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെ കാര്യത്തിൽ ഞാൻ പറഞ്ഞ എ 2 പ്ലസ് ഫാമിലി ലേബറിനെ കൂടെ കൂട്ടുന്നതും അങ്ങനെ കണക്കുകൂട്ടുന്ന ഉൽപ്പാദനച്ചെലവിന്റെകൂടെ

ഉൽപ്പാദനച്ചെലവിന്റെ 20 ശതമാനംകൂടി ഉൾപ്പെടുത്തിയിട്ടാണ് നമ്മൾ ബേസ് പ്രൈസ് കേരളത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ഈ ഉൽപ്പാദനക്ഷമതയും കൂടി കണക്കുകൂട്ടി വരുമ്പോൾ വയനാടൻ നേന്ത്രന്റെ കാര്യത്തിൽ വ്യത്യാസമുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. വയനാട്ടിലെ കർഷകരോട് കാണിച്ച എന്തെങ്കിലും അനീതിയുടെ ഭാഗമായിട്ടല്ല അങ്ങനെയൊരു വ്യത്യാസം വന്നത്. ഈ കണക്കുകൂട്ടലിന്റെ, നമ്മൾ ശാസ്ത്രീയമായി സ്വീകരിച്ച നിലപാടിന്റെ ഭാഗമായിട്ടാണ്. വയനാട്ടിൽ ഉൽപ്പാദനക്ഷമത കൂടുതലാണ്, ഉൽപ്പാദനക്ഷമത കൂടുമ്പോൾ ചെലവ് കുറയുന്നുവെന്നാണ് ആനുപാതികമായി കണക്കുകൂട്ടിയിട്ടുള്ളത്. അല്ലാതെ വയനാട്ടിലെ ജനങ്ങളോട് എന്തെങ്കിലുമൊരു എതിർപ്പ് അല്ലെങ്കിൽ താൽപ്പര്യമില്ലായ്മയുടെ ഭാഗമായിട്ടാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. അങ്ങനെ ഒരു ജനതയോട് താൽപ്പര്യക്കുറവുള്ളതിന്റെ പേരിലല്ല. ഉൽപ്പാദനക്ഷമത കൂടുതലാകുന്നതിനാൽ ചെലവ് കുറയുന്നുവെന്ന് കണക്കാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ബേസ് പ്രൈസ് കുറഞ്ഞിട്ടുള്ളത്. പൊതുവെ വയനാടൻ നേന്ത്രന് വിപണിമൂല്യം കുറവുണ്ട് എന്നുള്ളതുകൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ, ഈ പറയുന്ന ഉൽപ്പാദനക്ഷമതയും

ചെലവും കണക്കുകൂട്ടുമ്പോൾ അവിടെ നിശ്ചയിച്ചിരിക്കുന്നത് ശാസ്ത്രീയമായിട്ടാണ്. അക്കാര്യത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിശോധിക്കുന്നതായിരിക്കും. അല്ലാതെ വയനാടിനോട് ഒരു വിവേചനവും ഇക്കാര്യത്തിൽ കാണിച്ചിട്ടേയില്ല.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നല്ലതോതിൽ കാർഷിക ഉൽപ്പന്നങ്ങൾ ഇത്തവണയുണ്ടായി. അതിലേറ്റവും പ്രധാനമായി മലബാർ മേഖലയിൽ വന്നത് കപ്പയാണ്. അതുപോലെതന്നെ മറ്റ് കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാരാളമുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് സംഭരിക്കാനാവശ്യമായ സംവിധാനമില്ലാത്തതുകൊണ്ട് പല കൃഷിക്കാരും ഇത്തവണ കൃഷിയിൽനിന്നും പുറകോട്ടുപോയി. കഴിഞ്ഞവർഷം ഉണ്ടായിരുന്ന അത്രയും കൃഷിക്കാർ ഇത്തവണ ആ രംഗത്തേയ്ക്ക് കടന്നുവന്നില്ല. കഴിഞ്ഞവർഷം ഇത് സംഭരിക്കാത്തതിന്റെ ഫലമായി പല സ്ഥലങ്ങളിലും ആ കൃഷി അങ്ങനെ കിടക്കുകയാണ്. ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുവേണ്ടി ഹോർട്ടികോർപ്പിന്റെ സംവിധാനമുണ്ട്. എന്നാൽ കാസർഗോഡ് ജില്ലയിൽ അങ്ങനെയൊരു സംവിധാനമേയില്ല. അവിടെ

കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനും ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വസ്തുതകളെ സർക്കാർ വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് കാണുന്നത്. കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രമില്ലായെന്നുള്ളത് വലിയ പരിമിതിയായിരുന്നു, പോരായ്മയായിരുന്നു. കണ്ണൂരിലെ ഹോർട്ടികോർപ്പിന്റെ കേന്ദ്രമാണ് കാസർഗോഡ് ജില്ലയിലെ കർഷകരുടെ വിളകൾ സംഭരിച്ചുകൊണ്ടിരുന്നത്. ആ പ്രശ്നത്തിന് പരിഹാരമുണ്ടാകും. ഉടൻതന്നെ കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ സംഭരണ കേന്ദ്രം ആരംഭിക്കുന്നതാണെന്ന് ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എല്ലാ സീസണിലും വലിയ തർക്കങ്ങൾ രൂപപ്പെട്ടുവരികയാണ്. അതിന്റെ പ്രധാന കാരണം കൃഷി ആരംഭിക്കുമ്പോൾതന്നെ അതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നില്ലെന്നുള്ളതാണ്. കൃഷി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും തുല്യ ഇടപെടൽ നടത്തേണ്ട ഒരു കാര്യമാണ്.

കൊയ്ത്തുകഴിഞ്ഞ് മാസങ്ങളോളം നെല്ല് സൂക്ഷിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. വലിയ നഷ്ടം കർഷകർ അനുഭവിക്കുകയാണ്. അതുകൊണ്ട് കൃഷി വകുപ്പ് ശ്രദ്ധിക്കേണ്ട കാര്യം, കർഷകരുടെ individual അപേക്ഷ ഇപ്പോൾത്തന്നെ കൃഷിവകുപ്പിൽ സ്വീകരിക്കാനുള്ള നടപടികൾ ആരംഭിക്കണം. അതുപോലെ ഫീൽഡ് അസിസ്റ്റന്റുമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കേണ്ടത് കൃഷിവകുപ്പാണ്. അത്തരത്തിൽ എത്രപേരെ നിയമിച്ചു? ബാക്കിയുള്ളവരെ താൽക്കാലിക വ്യവസ്ഥയിൽ സിവിൽ സപ്ലൈസ് വകുപ്പ് നിയമിക്കേണ്ടതാണ്. നെല്ല് ഉൽപ്പാദനക്ഷമത വർദ്ധിച്ചതിനെ സംബന്ധിച്ച് മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു. ഇപ്പോൾ പാലക്കാട് ജില്ലയിൽ ഒരേക്കറിന് 2200 കിലോഗ്രാം ആണ് നമ്മുടെ നിബന്ധനപ്രകാരം എടുക്കാവുന്നത്. മിനിമം 3000 കിലോഗ്രാമെങ്കിലുമാക്കി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

<u>ശ്രീ. പി. പ്രസാദ്:</u> തീർച്ചയായും. നെല്ലിന്റെ കാര്യത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ നമുക്ക് നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിനാവശ്യമായ നെല്ല് അല്ലെങ്കിൽ അരി ഒരിക്കലും സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ചിരുന്നില്ല, സ്വയംപര്യാപ്തതയിലേയ്ക്ക്

എത്തിയിരുന്നില്ല. പഴയകാലത്തിനുശേഷം നമുക്ക് നെൽവയലുകളുടെ വിസ്തൃതി കുറയുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനക്ഷമത കൂട്ടി ഈ പോരായ്മ പരിഹരിക്കാൻ കഴിയുമോയെന്നുള്ളതായിരുന്നു നമ്മൾ നോക്കിയത്. അക്കാര്യത്തിൽ നമ്മൾ നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാകുന്നതായിരിക്കും. നെൽസംഭരണ സമയത്താണ് കർഷകരും മില്ലുകാരും തമ്മിലുള്ള പ്രശ്നങ്ങളെല്ലാം കടന്നുവരുന്നത്. അത് പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. കാലാകാലങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവർ യോഗങ്ങൾ ചേർന്നിട്ടാണ് പലപ്പോഴും ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള പരിശ്രമങ്ങളെല്ലാം നടത്തിയിട്ടുള്ളത്. പൊതുമേഖലയിൽത്തന്നെ മില്ലുകൾ ആരംഭിക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ പ്രശ്നങ്ങൾക്ക് അങ്ങനെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും പാലക്കാട് ഉൾപ്പെടെ കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള നെൽകർഷകർക്ക് എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

<u>ശ്രീമതി കെ. കെ. രമ:</u> സർ, കൃഷി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 16 ഉദ്യോഗസ്ഥർ വേണ്ടിടത്ത് ആറുപേർ മാത്രമേയുള്ളൂ. ഇത് ദൈനംദിന പ്രവർത്തനങ്ങളെ താറുമാറാക്കുകയാണ്. കോഴിക്കോട് ജില്ലയിലെ ചോറോട് പഞ്ചായത്ത് ഉദ്യോഗസ്ഥരില്ലാതെ മൂന്നുവർഷമായി പൂട്ടിക്കിടക്കുന്ന അവസ്ഥപോലുമുണ്ടായിരുന്നു. സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നപ്പോൾ തൊട്ടടുത്ത പഞ്ചായത്തിൽനിന്നുള്ള കൃഷി ഓഫീസർക്ക് അധിക ചാർജ്ജ് കൊടുക്കുകയാണുണ്ടായത്. ഇത് രണ്ട് പഞ്ചായത്തിലെയും പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥരില്ലാത്ത ഈ കുറവ് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

<u>ശ്രീ. പി. പ്രസാദ്:</u> സർ, ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസിൽ ഏറ്റവും പ്രധാനപ്പെട്ടയാൾ അഗ്രിക്കൾച്ചർ ഓഫീസറാണ്. മറ്റൊന്ന് അഗ്രിക്കൾച്ചർ അസിസ്റ്റന്റാണ്. അഗ്രിക്കൾച്ചർ ഓഫീസർമാരുടെ നൂറിലധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽത്തന്നെ ഒരു താൽക്കാലിക നിയമനം നടത്തണമെങ്കിൽ പി.എസ്.സി.-യിൽ നിന്നുതന്നെ

എൻ.ഒ.സി. ആവശ്യമായിരുന്നു. സർക്കാർ അക്കാര്യത്തിൽ ഇടപെടൽ നടത്തിയതുമൂലം പി.എസ്.സി.-യിൽനിന്നും എൻ.ഒ.സി. ലഭിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. രണ്ടാമത്തേത്, അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരുടെ ഒഴിവായിരുന്നു. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. പി.എസ്.സി. ഒരു റാങ്ക് ലിസ്റ്റും തയ്യാറാക്കി. ഉദ്യോഗാർത്ഥികൾ കേരള ഹൈക്കോടതിയിൽ ഒരു കേസുമായി പോയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ആ പട്ടികയിൽനിന്നും നിയമനം നടത്തുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. അവിടെയും നമ്മൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താനുള്ള അനുവാദം കൊടുത്തു. ഇപ്പോൾ അതിന്റെ ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ കൃഷിഭവനുകളിലും നമുക്ക് ഇപ്പോഴുള്ള സ്ട്രെങ്തിനനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ, ഈ പറയുന്ന തരത്തിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും ക്ലാർക്കുമാർ ഉൾപ്പെടെയുള്ള തസ്തികകളിൽ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ നിയമനം നടക്കും. അഗ്രിക്കൾച്ചർ ഓഫീസർമാർ, അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാർ എന്നീ തസ്തികകളിലെ നിയമനം ഒന്നുരണ്ട്

ആഴ്ചയ്ക്കുള്ളിൽത്തന്നെ പൂർത്തിയാകുമെന്നാണ് കരുതുന്നത്. അടിയന്തരമായി ആ കാര്യം പരിഹരിച്ചിരിക്കും.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിലെ കർഷകരെ സംരംഭകത്വത്തിലേയ്ക്ക് നയിക്കുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ നമ്മുടെ കൃഷിവകുപ്പിന് കഴിഞ്ഞു. അക്കാര്യത്തിൽ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിന്റെ സമ്പദ്‍വ്യവസ്ഥയിൽ സുപ്രധാന പങ്കുവഹിക്കുന്ന റബ്ബർ കർഷകരെ സഹായിക്കേണ്ട കേന്ദ്രസർക്കാർ സ്വീകരിക്കുന്ന കർഷകദ്രോഹ സമീപനത്തിനിടയിൽ ശ്രദ്ധേയമായ ഒരു ചുവടുവയ്പായിരുന്നു റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലേയ്ക്ക് എത്തിക്കാനുള്ള 'സിയാൽ' മാതൃകയിലുള്ള ഒരു കമ്പനി ആരംഭിക്കുമെന്ന പ്രഖ്യാപനം. അതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

ശ്രീ. പി. പ്രസാദ്: സർ, വ്യവസായ വകുപ്പ് അത്തരത്തിലൊരു കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നുള്ളത് അങ്ങേയറ്റത്തെ അഭിമാനത്തോടുകൂടി ഞാൻ ഈ സഭയുടെ മുമ്പാകെ അറിയിക്കുന്നു. വ്യവസായ വകുപ്പ് നേരത്തെ പറഞ്ഞിട്ടുള്ളതുമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, കാർഷികോൽപ്പന്ന വർദ്ധനവിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് തുടങ്ങിയവയെല്ലാംകൂടി 10,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. പക്ഷേ ഉൽപ്പാദനരംഗം നോക്കുമ്പോൾ കാര്യമായ ഒരു വർദ്ധനവും വന്നിട്ടില്ല. 10,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടും ആ നാട്ടിലെ ജനങ്ങൾക്കെല്ലാം വിഷമവും പ്രയാസവുമാണ്. പ്രഖ്യാപിച്ച പാക്കേജുകളെല്ലാം ഇപ്പോൾ പത്രത്തിലും പേപ്പറിലുമായി നിൽക്കുകയാണ്. ഇത് ആത്മാർത്ഥതയോടുകൂടി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കൈതച്ചക്ക കർഷകർ വളരെയധികം വിഷമമനുഭവിക്കുകയാണ്, കൈതച്ചക്കകളെല്ലാം പറിച്ചുകളയുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. നമ്മുടെ നാട്ടിലെ കാർഷിക ഉൽപ്പാദനരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ട കർഷകർ അവരുടെ ജീവിതത്തിലെ എല്ലാസൗഭാഗ്യങ്ങളും തകരുന്ന നിലയിലാണ് നിൽക്കുന്നത്. അതിനുവേണ്ടി വളരെ കൃത്യമായ ഒരു പദ്ധതി ആവിഷ്കരിക്കാനും നടപ്പാക്കാനും അങ്ങ് ശ്രമിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ കർഷകർ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ പേരിൽ സംതൃപ്തരാണെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, അതാണ് യാഥാർത്ഥ്യം. ആ യാഥാർത്ഥ്യത്തെ നമ്മൾ ഗൗരവത്തോടുകൂടി കാണണമെന്നുമാത്രമേ എനിക്ക് വിനയപൂർവ്വം അപേക്ഷിക്കാനുള്ളൂ. വിവിധങ്ങളായ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചുവെന്നുള്ളതെല്ലാം വിവിധ ഏജൻസികൾതന്നെ നടത്തിയ പഠനങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. അങ്ങനെയെല്ലാം മുൻനിരയിലേയ്ക്ക് എത്തുമ്പോഴും അത് എത്തുന്നില്ലായെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. കൃഷിക്കാർക്ക് കൂടുതലായി സൗകര്യവും സഹായവും എത്തിക്കണം. കൃഷിക്കാരന് കൃഷികൊണ്ട് അന്തസ്സായ ജീവിതം നയിക്കാൻ ഇടവരുന്ന തരത്തിലേയ്ക്ക് അവരുടെ വരുമാനത്തിൽ അൻപത് ശതമാനത്തിന്റെ അധിക വർദ്ധനവുണ്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേയ്ക്ക് ഗവൺമെന്റ് എത്തും, അതിനാവശ്യമായ നടപടികളെല്ലാമുണ്ടാകും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് കൈതച്ചക്കയുടെ കാര്യമാണ്. അതും നമ്മൾ നോക്കുകയാണ്. ഇന്ത്യയിൽ

ആദ്യമായി, കേരളത്തിലെ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് ഇവിടെ ഇതിനെല്ലാം താങ്ങുവില നിശ്ചയിച്ചത്. അത് ചെറിയ കാര്യമായി അങ്ങ് കാണരുത്. കേന്ദ്രത്തിന്റെ കാർഷികനയങ്ങളും നിയമങ്ങളുമായി ബന്ധപ്പെട്ട് പഠിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി മൂന്നംഗ സമിതിയെ നിയോഗിച്ചിരുന്നു. ആ സമിതി ഏറ്റവും ഗൗരവത്തോടുകൂടി കണക്കിലെടുത്തതും പരിശോധിച്ചതും നമ്മളോട് ആവശ്യപ്പെട്ടതും കേരളം നടപ്പിലാക്കിയ താങ്ങുവിലയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. തമിഴ്നാടും പഞ്ചാബും അടക്കം എത്രയോ സംസ്ഥാനങ്ങൾ നമ്മൾ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസിന്റെയും താങ്ങുവിലയുടേയും കാര്യങ്ങൾ പഠിക്കാൻ ഇങ്ങോട്ടേയ്ക്ക് വരുന്നു. കേരളത്തിൽ ഒന്നും നടക്കുന്നില്ലായെന്ന് പറയരുത്, വ്യാഖ്യാനിക്കരുതെന്നേ പറയാനുള്ളൂ. കൈതച്ചക്കയുടെ കാര്യത്തിൽ M.S.P.(Minimum Support Price)-ക്കുവേണ്ടി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കാനാണ് ഇപ്പോൾ ആലോചിച്ചിരിക്കുന്നത്. നമ്മൾ ഏറ്റവും പ്രധാനമായി കാണേണ്ട ഒരുകാര്യംകൂടിയുണ്ട്. നമ്മുടെ കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും വിചാരിക്കുന്നതിനേക്കാൾ അപ്പുറത്തേയ്ക്ക് കാർഷിക

മേഖലയെ തകർക്കാൻ പാകത്തിൽ നിൽക്കുകയാണ്. ഇതൊന്നും നമ്മുടെ നിയന്ത്രണത്തിലല്ല, വളരെ വലിയ ഗൗരവതരമായ പ്രശ്നമാണിതെല്ലാം. കൂടുതലായി വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്ന, കൃഷിക്കാരന് സഹായങ്ങൾ കൊടുക്കുന്ന, എഫ്.പി.ഒ.-കൾ അടക്കമുള്ള നിരവധിയായ പദ്ധതികളിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ മെച്ചം കിട്ടുന്ന, സഹായം കിട്ടുന്നതരത്തിലേയ്ക്ക് എത്തുമ്പോൾ പ്രതിസന്ധികളുണ്ടാകുമ്പോഴും പിടിച്ചുനിൽക്കാൻ കർഷകർക്ക് കഴിയും. അങ്ങനെയെല്ലാം കർഷകരെ സഹായിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ അങ്ങേയ്ക്ക് ഉൾപ്പെടെ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അതെല്ലാം സദുദ്ദേശ്യത്തോടുകൂടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, 'ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം പദ്ധതി' വഴി പച്ചക്കറി മേഖലയ്ക്കും മറ്റ് കാർഷിക മേഖലയ്ക്കും പുത്തൻ ഉണർവ് നൽകിയ കാലഘട്ടമാണ് ഈ കഴിഞ്ഞ കാലഘട്ടം. 'വിത്തു ഗുണം പത്ത് ഗുണം' എന്നാണ് ചൊല്ല്. നെൽക്കർഷകർ പാടുപെട്ട് വിത്ത് ഉൽപ്പാദിപ്പിച്ച് കഴിഞ്ഞാൽ ആ വിത്ത് സംഭരിക്കുന്നതിനും സംഭരിച്ച

കഴിഞ്ഞാൽ വില കൃത്യമായി നൽകുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വികരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കാർഷിക മേഖലയിലെ പ്രതിസന്ധിയെന്നുള്ളത് യാഥാർത്ഥ്യമാണ്. നയങ്ങളാണ് അതിന്റെ യഥാർത്ഥ പ്രശ്നം എന്നുപറയുന്നത്. കേന്ദ്രസർക്കാർ കർഷക വിരുദ്ധ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിനെതിരായി കർഷകർ വലിയ സമരം/കർഷക പാർലമെന്റ് ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വിലയിടിവിനെ സംബന്ധിച്ച് പലരും ചോദ്യങ്ങൾ ഉന്നയിച്ചു. ആസിയാൻ കരാർ നടപ്പാക്കാൻ പാടില്ലായെന്നുള്ളത് എല്ലാ കർഷക സംഘടനകളും ശക്തമായി ആവശ്യപ്പെട്ട ഒരു കാര്യമായിരുന്നു. കോൺഗ്രസ് നേതൃത്വം നൽകിയ ഗവൺമെന്റ് ആസിയാൻ കരാർ നടപ്പാക്കുന്നതിനുവേണ്ടിയെടുത്ത നിലപാട് നമുക്കറിയാം. കേരളത്തിലെ ഗവൺമെന്റ് കർഷകസൗഹൃദ നിലപാട് സ്വീകരിക്കുന്ന സമീപനമാണ് എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റും കർഷകരുടെ

സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി ശക്തമായി പ്രവർത്തിച്ച ഗവൺമെന്റാണ്. കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ട്. RPL (Rehabilitation Plantations Limited), Oil Palm India Ltd, PCK (The Plantation Corporation of Kerala Limited), The State Farming Corporation of Kerala Limited തുടങ്ങി ഗവൺമെന്റിന്റെ നിയന്ത്രണത്തിൽത്തന്നെയുള്ള നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള സ്ഥാപനങ്ങളെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ധാരാളം പ്രതിസന്ധികൾ ഈ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി വൈവിധ്യവൽക്കരണം എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കാർഷിക മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈവിധ്യവൽക്കരണം നടപ്പിലാക്കി ലാഭകരമാക്കി കൊണ്ടുവരുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം മെച്ചത്തിലും ലാഭത്തിലും കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമായ

കാര്യമാണ്. ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം രൂപീകരിക്കപ്പെട്ടത് ആ ലക്ഷ്യത്തിലേയ്ക്ക് എത്തേണ്ടതുണ്ട്, ലാഭകരമായി മുന്നോട്ട് പോകേണ്ടതുണ്ട്. ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുമ്പോൾ എല്ലാം നഷ്ടമാകുന്നുയെന്നുള്ള പഴിയും പരാതിയും ഉയരാതിരിക്കുകയെന്നതും പരമപ്രധാനമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ അത്യന്താപേക്ഷിതമായ ഇടങ്ങളിലെല്ലാം വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതായിരിക്കും. അതിന് സർക്കാരിന് തുറന്ന മനസ്സുതന്നെയാണുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, നിരവധി ജില്ലകളുമായി ബന്ധപ്പെട്ട പാക്കേജുകളുടെ പ്രഖ്യാപനം നമ്മുടെ സഭയിലും ബഡ്ജറ്റുകളിലുമെല്ലാം പറയാറുള്ളതാണ്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് നെൽകർഷകർക്കുവേണ്ടി ഒരു പാക്കേജും ഈ സമീപകാലത്തൊന്നും പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഒരു കിലോ നെല്ലിന് 32 രൂപയെങ്കിലും ലഭിക്കുന്ന സാഹചര്യം അടിയന്തരമായി ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത മറ്റാരേക്കാളും ബോധ്യപ്പെടുന്ന ഒരാളാണ് അങ്ങ്. നെല്ലിന്റെ സംഭരണവും അതുപോലെതന്നെയാണ്. സ്വാശ്രയ കോളേജിന്റെ ഫീസ്

നിശ്ചയിക്കുന്നതുപോലെ എല്ലാക്കാലത്തെയും ഒരു സീസണൽ ഇഷ്യുവായി നിൽക്കുകയാണ് നെല്ലിന്റെ സംഭരണം. അതിന് കൃത്യമായി കുടിശ്ശിക വരുന്നതും കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്ന് കൊടുക്കുന്ന പണത്തിന്റെ പേരിൽ കർഷകന്റെ സിവിൽ റേറ്റിംഗ് കുറയുന്നതും ഉൾപ്പെടെയുള്ള പ്രയാസങ്ങൾ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. സംഭരിച്ച നെല്ലിന് ഒരാഴ്ചയ്ക്കകം പണം കൊടുക്കാമെന്നുള്ള പ്രഖ്യാപനം പലപ്രാവശ്യം ഉണ്ടായിട്ടുണ്ടെങ്കിലും കർഷകർ ഇപ്പോഴും ദുരിതത്തിലാണെന്നുള്ളത് നിഷേധിക്കാൻ കഴിയില്ല. നെല്ലിന്റെ താങ്ങുവില 32 രൂപയെങ്കിലും ആക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ; സംഭരണവുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കി പാലക്കാട്ടെ നെൽക്കർഷകർക്ക് ഒരു പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇന്ത്യാ ഗവൺമെന്റ് നിശ്ചയിച്ചതിനേക്കാൾ കൂടുതലായ തുക നിശ്ചയിച്ചുകൊണ്ടാണ് കേരളം നെല്ലിന്റെ കാര്യത്തിൽ ഗൗരവതരമായ സമീപനം സ്വീകരിച്ചത്. അതിന്റെയടിസ്ഥാനത്തിൽ ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു മാനദണ്ഡം കണക്കാക്കിയാണ് അത് സ്വീകരിച്ചിരിക്കുന്നത്. അതിൽ സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം

ശ്രദ്ധയിൽപ്പെടുമ്പോൾ ഇടപെടുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ നെൽകൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതികളുമായി സംസ്ഥാന സർക്കാർ മുമ്പോട്ടുപോകും. സംഭരണത്തിന്റെ സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കൃത്യമായ ഇടപെടലുണ്ടാകും. സംഭരിക്കുമ്പോൾ ബാങ്കുകളുമായി ചേർന്ന് അവർക്ക് നൽകുന്ന സബ്സിഡിയുടെ അടിസ്ഥാനത്തിൽ പണംകൊടുക്കേണ്ടതാണ്. ഇപ്പോൾ ചിലയിടങ്ങളിലെല്ലാം ബാങ്കുകൾ ആ പണംകൊടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടു. അടിയന്തരമായി ആ കാര്യത്തിലെല്ലാം ഇടപെട്ടിട്ടുണ്ട്. കർഷകർക്കൊരു ബ്ലാക്ക് മാർക്ക് ഉണ്ടാകുന്നതരത്തിലുള്ള ഇടപെടൽ ഉണ്ടാകുകയില്ലായെന്ന് ബാങ്കുകൾ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരുടെ കാര്യത്തിൽ എല്ലാവരെയും സഹായിക്കുന്ന ഒരു നയവും പരിപാടിയുമായിട്ടായിരിക്കും സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സംസ്ഥാനത്തെ പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലകളുടെ മലയോരഭാഗത്തും അതോടൊപ്പംതന്നെ സംസ്ഥാന വ്യാപകമായി പതിനായിരക്കണക്കിന് കർഷകരുടെ ഒരു കാർഷിക വിളയാണ് കോലിഞ്ചി കൃഷി. കോലിഞ്ചി കർഷകരുടെ

പ്രതിസന്ധികളും പ്രയാസങ്ങളും ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാനമായും വിലസ്ഥിരത, വിദേശ മാർക്കറ്റുകളിലെല്ലാം വലിയ വിലയുള്ള ഈ വിളയ്ക്ക് ഇവിടെ ഇടനിലക്കാരുടെ തട്ടിപ്പുകാരണം കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. അതോടൊപ്പം കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ ചരിത്രത്തിൽ ആദ്യമായി കോലിഞ്ചി കർഷകർക്ക് സബ്സിഡി നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. പക്ഷേ അന്ന് നാമമാത്രമായ കർഷകർക്ക് നൽകിക്കൊണ്ടാണ് തുടക്കം കുറിച്ചത്. ബാക്കി കർഷകർക്കുകൂടി സബ്സിഡി ലഭിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും. ചില ജില്ലകളിൽ കർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിളയാണ് കോലിഞ്ചി. അവരെ സഹായിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുകൂടി ഗവൺമെന്റ് പരിശോധിച്ച് കർഷകരെ സഹായിക്കുന്നതിനാവശ്യമായ പരിപാടികൾ നടപ്പിലാക്കുന്നതായിരിക്കും.

## വിദൂര വിദ്യാഭ്യാസ പദ്ധതി

2 (*92) ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദൂര വിദ്യാഭ്യാസ പദ്ധതി തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിദൂര വിദ്യാഭ്യാസം തുടരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) : സർ,

(എ) ഉണ്ട്. 2020 സെപ്റ്റംബർ 25-ലെ വിജ്ഞാപന പ്രകാരം സ്ഥാപിക്കപ്പെട്ട ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2021 ജനുവരി 29-ന് യു.ജി.സി. ആക്ട് 2 (എഫ്) പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. യു.ജി., പി.ജി. പ്രോഗ്രാമുകൾ, ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ,

സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ എന്നിവ വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുകയാണ് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. 20 യു.ജി. പ്രോഗ്രാമുകളും 9 പി.ജി. പ്രോഗ്രാമുകളും തുടങ്ങാനാണ് സർവ്വകലാശാല തയ്യാറെടുക്കുന്നത്. വിദൂര വിദ്യാഭ്യാസ മാതൃകയിൽ യു.ജി., പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് യു.ജി.സി.-യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ (DEB)-യുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട്. ഈ അനുമതി നൽകുന്നത് യു.ജി.സി.-യുടെ 2020-ലെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ റെഗുലേഷൻ പ്രകാരമാണ്. ഇതുപ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രോജക്ട് റിപ്പോർട്ട്, എൻട്രി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ (DEB)-യ്ക്ക് സമർപ്പിക്കണം. ഇവയെല്ലാം സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. സർവ്വകലാശാല ആരംഭിക്കാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും പഠന വസ്തുക്കൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പ്രവർത്തനങ്ങളും

പൂർത്തിയായിവരുന്നു. നിലവിലെ ക്യാമ്പസ്സിനുപുറമെ അക്കാദമിക പ്രവർത്തനങ്ങൾക്കുവേണ്ടി പടിഞ്ഞാറേ കൊല്ലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്കാവശ്യമായ രീതിയിൽ സ്കൂൾ കെട്ടിടങ്ങൾ മോടിപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകുന്നതാണ്. സർവ്വകലാശാലയുടെ പഠനകേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ്. ഈ സൗകര്യങ്ങളെല്ലാം നേരിട്ട് പരിശോധിച്ചതിനുശേഷമേ യു.ജി.സി. കോഴ്സുകൾക്ക് അംഗീകാരം നൽകുകയുള്ളൂ. ഇവ സമയബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യു.ജി.സി.-യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വിദൂര വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ വിദൂര വിദ്യാഭ്യാസം നേടുന്നതിനുള്ള വിദ്യാർത്ഥികളുടെ അവസരം സംരക്ഷിക്കുന്നതിനായി നിലവിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം തുടരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഇറങ്ങിയിട്ടുള്ളതാണ്.

ശ്രീ. യു. എ. ലത്തീഫിനുപകരം (<u>ശ്രീ. പി. ഉബൈദുള്ള</u>): സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, ഉന്നതവിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചത്. ഈ യൂണിവേഴ്സിറ്റി ആക്ടിന്റെ വകുപ്പ് 72(1) പ്രകാരം പ്രസ്തുത ആക്ടിന്റെ പ്രാബല്യ തീയതി മുതൽ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠന കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2020 സെപ്റ്റംബർ 25-നാണ് ഇത് പ്രാബല്യത്തിൽ വന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്താനുദ്ദേശിക്കുന്ന കോഴ്സുകൾക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ്

എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരവ് ഇറങ്ങിയത്. യൂണിവേഴ്സിറ്റി ആക്ടിന്റെ 63-ാം വകുപ്പുപ്രകാരമാണ് ഉത്തരവ് ഇറക്കിയതെന്നാണ് ഈ ജി.ഒ.യിൽ പറഞ്ഞിട്ടുള്ളത്. 63-ാം വകുപ്പിൽ പറയുന്നതെന്താണ്? സാങ്കേതിക കാരണങ്ങളുണ്ടെങ്കിൽ അവ തീർക്കുന്നതിന് ഉത്തരവ് ഇറക്കാമെന്നാണ്. എന്നാൽ ഇത് സാങ്കേതിക കാരണമല്ല. സാങ്കേതിക കാരണമല്ലാത്തതുകൊണ്ട് നിയമസഭ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഇങ്ങനെയൊരു ജി.ഒ. ഇറക്കിയത് സഭയോടുള്ള അവഹേളനമാണ്. അതുകൊണ്ട് ആക്ടിന് വിരുദ്ധമായി ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് സഭയിൽ ഒരു ഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, നിയമപരമായ ഉപദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവ് ഇറക്കിയിട്ടുള്ളത്. നിയമ വകുപ്പിന്റെ അംഗീകാരം അതിനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ ഭാഗമായിട്ടാണ് നിയമോപദേശം തേടി

പ്രസ്തുത ജി.ഒ. ഇറക്കിയിട്ടുള്ളത്. അതുകൊണ്ട് ഇവിടെ പരാമർശിച്ച രീതിയിലുള്ള ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, നിയമോപദേശം ലഭിച്ചിട്ടുണ്ടെങ്കിൽ അത് മേശപ്പുറത്തുവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ ഏറ്റവും കൂടുതൽ പ്രൈവറ്റ് രജിസ്ട്രേഷനുള്ള ജില്ലയാണ് മലപ്പുറം. മുപ്പത്തി അയ്യായിരത്തിലധികം കുട്ടികൾ പ്ലസ് ടു കഴിഞ്ഞ് കോളേജ് പഠനത്തിന് അവസരം ലഭിക്കാതെ പുറത്തുനിൽക്കുകയാണ്. ഇത്രയധികം പ്രൈവറ്റ് രജിസ്ട്രേഷനുള്ള മലപ്പുറം ജില്ലയിൽ ഒരു റീജിയണൽ സെന്റർ വേണമെന്നാണ് എന്റെ ആവശ്യം. തലശ്ശേരി ബ്രണ്ണൻ കോളേജ്, പട്ടാമ്പി സംസ്കൃത കോളേജ്, കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ മൂന്ന് റീജിയണൽ സെന്ററുകളാണ് ഇപ്പോൾ പറയുന്നത്. ഏറ്റവും കൂടുതൽ പ്രൈവറ്റ് രജിസ്ട്രേഷനുള്ള, ധാരാളം വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പുറത്തുനിൽക്കുന്ന, മലപ്പുറത്തെ ഗവൺമെന്റ് കോളേജ് കേന്ദ്രീകരിച്ച് ഒരു റീജിയണൽ സെന്റർ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, നേരത്തെ നാല് ഗവൺമെന്റ് കോളേജുകളാണ് ഇത്തരത്തിൽ റീജിയണൽ സെന്ററുകൾക്കായി നിർദ്ദേശിക്കപ്പെട്ടിരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകൾ വീണ്ടും സെന്ററുകൾ വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അക്കാര്യം പരിഗണനയിൽ വച്ചിട്ടുള്ളത്. അത്യാവശ്യം അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും കൂടുതൽ അപേക്ഷകരുണ്ടാകുമോ എന്നതിനെക്കുറിച്ചുമൊക്കെ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡി.സി.ഇ. (Directorate of Collegiate Education) - യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൃത്യമായ മാനദണ്ഡങ്ങളനുസരിച്ച് നമുക്ക് റീജിയണൽ സെന്ററുകൾ നിശ്ചയിക്കാൻ സാധിക്കും.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ബഹുമാന്യയായ മന്ത്രി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്ന ആളാണ്. നിയമോപദേശം ലഭിച്ചിട്ടാണ് ഉത്തരവ് ഇറക്കിയതെന്ന് അങ്ങ് പറഞ്ഞു. ആ ഉത്തരവിൽ ഡിസ്റ്റൻസ് / പ്രൈവറ്റ് എന്നാണ് പറഞ്ഞിട്ടുള്ളത്. പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്ന കുട്ടികൾക്ക് യു.ജി.സി. യാതൊരു അംഗീകാരവും നൽകുന്നില്ല, അതിന് യാതൊരു അനുവാദവുമില്ല. ഡിസ്റ്റൻസ് എഡ്യൂക്കേഷനുവേണ്ട

നിബന്ധനകളൊന്നും പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്ന കുട്ടികൾക്കെടുക്കാൻ കഴിയില്ല. കാരണം ഫാക്കൽറ്റി, മെറ്റീരിയൽസ്, കോൺടാക്ട് ക്ലാസ് ഇവയൊന്നുമുണ്ടാകില്ല. അങ്ങ് മന്ത്രിയായ സമയത്തുതന്നെ നിയമോപദേശം ലഭിച്ച് ഉത്തരവ് ഇറക്കിയതിലുള്ള അപാകത തിരുത്താൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. റെഗുലറായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് ഡിസ്റ്റൻസ് മോഡൽ കോഴ്സുകൾ തുടങ്ങുന്നതിന് 3.26 ഗ്രേഡ് വേണമെന്നാണ് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. അതേസമയം 3.1 ഗ്രേഡ് മതിയെന്നാണ് യു.ജി.സി. പറയുന്നത്. അങ്ങനെ നൂറ് ഗ്രേഡിനകത്തുവരുന്ന ഏത് യൂണിവേഴ്സിറ്റികളിലും ഡിസ്റ്റൻസ് മോഡിലുള്ള കോഴ്സുകൾ ആരംഭിക്കാമെന്നാണ് പറയുന്നത്. ഓപ്പൺ യൂണിവേഴ്സിറ്റിക്കുവേണ്ടിയാണ് ഇങ്ങനെയൊരു ഗ്രേഡ് സിസ്റ്റം ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്ന് വന്നിട്ടുള്ളത്. ഇത് സ്വാഭാവികമായും അക്കാഡമിക് ബോഡിയുള്ള ഓട്ടോണമസ്സായ യൂണിവേഴ്സിറ്റിയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. അതോടൊപ്പം കുട്ടികൾക്ക് എവിടെ പഠിക്കണമെന്ന് തീരുമാനിക്കാനുള്ള മൗലികാവകാശത്തെ ചോദ്യം ചെയ്യുന്നതാണ്. അതോടൊപ്പം യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക സ്ഥിതിയെ

തകർക്കുന്ന നിലപാടാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന ഗ്രേഡ് സിസ്റ്റം മാറ്റി യു.ജി.സി.-യുടെ ഗ്രേഡ് സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവരണം. ആ ഗ്രേഡ് സിസ്റ്റം മാറ്റിയാൽ മാത്രമേ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കും കേരള യൂണിവേഴ്സിറ്റിക്കും ഇപ്പോൾ പുതുതായി പുറത്തിറക്കിയിരിക്കുന്ന ഉത്തരവ് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആ ഗ്രേഡ് സിസ്റ്റം മാറ്റാൻ അങ്ങ് തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, ഇത് ഒരുതരത്തിലും യൂണിവേഴ്സിറ്റികളുടെ ഓട്ടോണമിയെ ബാധിക്കുന്നതല്ല. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മോഡ് തുടരണോ എന്നുള്ളകാര്യം അവർക്ക് തീരുമാനിക്കാവുന്നതേയുള്ളൂ. ഒരു കാരണവശാലും ഇത് യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതല്ല. ഇതൊക്കെ ഒരു സിൻഡിക്കേറ്റ് മെമ്പർ കൂടിയായിരുന്ന ബഹുമാനപ്പെട്ട അംഗത്തിന് (.......ബഹളം)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അവിടെ ഇരിക്കൂ. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടേ. മന്ത്രി മറുപടി പറയുമ്പോൾ ഇടപെടുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പൂർത്തിയാക്കൂ.

ഡോ. ആർ. ബിന്ദു: സർ, പുതിയ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയേയോ അവയുടെ സാമ്പത്തിക സ്ഥിതിയേയോ പ്രതികൂലമായി ബാധിക്കുന്ന നിബന്ധനകളൊന്നും ഇതിലില്ലെന്നാണ് പറയാനുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, കേരളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ അല്ലെങ്കിൽ വിദൂരവിദ്യാഭ്യാസ സൗകര്യമില്ലാത്തതിന്റെ പേരിൽ പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് പുറത്തുള്ള യൂണിവേഴ്സിറ്റികളെ ആശ്രയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തേയ്ക്കുവരേണ്ട കോടിക്കണക്കിന് രൂപ പുറത്തേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. സർക്കാരിന്റെ ഈ നിലപാട് പുറത്തുള്ള യൂണിവേഴ്സിറ്റികളെ സഹായിക്കാനാണെന്ന് തോന്നുംവിധമാണ് കാര്യങ്ങൾ നീങ്ങുന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചെങ്കിലും ഇപ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രി സഭ മുമ്പാകെ ഇങ്ങനെയൊരു ഉത്തരവിനെക്കുറിച്ച് പറയുന്നത്. നിയമസഭാ സമ്മേളനം നടക്കുന്നതിനിടയിൽ ഇങ്ങനെയൊരു ഉത്തരവുണ്ടായെന്ന് പറയുന്നു. അതിലെ ക്ലാരിറ്റിയുടെ പ്രശ്നങ്ങളാണ് നേരത്തെ മെമ്പർമാർ ഉന്നയിച്ചിട്ടുള്ളത്. പ്രൈവറ്റ് രജിസ്ട്രേഷന് ഇപ്പോൾ മറ്റ് യൂണിവേഴ്സിറ്റികൾക്ക് അനുവാദം നൽകിയെന്നാണ് ജി.ഒ. അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി

വ്യക്തമാക്കിയിട്ടുള്ളത്. എങ്കിൽ പ്രവേശനം ലഭ്യമാകാൻ എപ്പോഴാണ് സൗകര്യമുണ്ടാവുക എന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, സാധാരണഗതിയിൽ ഒക്ടോബർ മാസത്തോടെയാണ് വിദൂര വിദ്യാഭ്യാസത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുക. പ്ലസ് ടു -വിന്റെയും ഡിഗ്രിയുടെയും റിസൾട്ട് വന്നതിനുശേഷം റെഗുലർ അഡ്മിഷൻ പ്രക്രിയകൾ പൂർത്തീകരിച്ചതിനുശേഷമാണ് ഡിസ്റ്റൻസ് മോഡിലുള്ള അപേക്ഷകൾ സാധാരണ സ്വീകരിക്കാറുള്ളത്. ആ സമയത്തേയ്ക്ക് അഡ്മിഷൻ നടത്താവുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദൂര വിദ്യാഭ്യാസവും ഓൺലൈൻ ക്ലാസുകളും നടത്തുന്ന യൂണിവേഴ്സിറ്റികൾ യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്ന വ്യവസ്ഥയോ, സ്റ്റഡി മെറ്റീരിയലിന്റെ അറുപത് ശതമാനം മുൻകൂട്ടി തയ്യാറാക്കണമെന്ന വ്യവസ്ഥയോ, കോഴ്സുകളുടെ സിലബസ് യു.ജി.സി. പോർട്ടലിൽ സമർപ്പിക്കണമെന്ന വ്യവസ്ഥയോ മതിയായ മുന്നൊരുക്കങ്ങളില്ലാതെ തിരക്കുപിടിച്ച് ശ്രീനാരായണഗുരു

ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോൾ സർക്കാർ പാലിച്ചില്ല. ഏറ്റവും നിർദ്ധനരും സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിലുമുള്ള വിദ്യാർത്ഥികളാണ് കൂടുതലും വിദൂര വിദ്യാഭ്യാസ സംവിധാനത്തെ ആശ്രയിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളിൽ വിദൂരപഠനത്തിന് സൗകര്യമില്ലാത്തതുകാരണം അന്യസംസ്ഥാന സർവ്വകലാശാലകളെ ആശ്രയിക്കേണ്ട നിലയിലാണ്. ഇത്തരത്തിൽ ഗുണപരമായ മാറ്റങ്ങളല്ല ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോൾ ഉണ്ടായിരിക്കുന്നത്. ഈ സാഹചര്യത്തിൽ മറ്റ് സർവ്വകലാശാലകൾക്ക് വിദൂരപഠനം നടത്താൻ പാടില്ലായെന്ന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതുപോലെതന്നെ, പാവപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച ചോദ്യത്തിന് നേരത്തെ മറുപടി പറഞ്ഞുകഴിഞ്ഞു. ബന്ധപ്പെട്ട ഉത്തരവിന്റെ വിശദാംശങ്ങളും അവതരിപ്പിച്ചുകഴിഞ്ഞു. രാജ്യത്ത് ലഭ്യമാകാവുന്ന ഏറ്റവും ഗുണമേന്മയുള്ള വിദൂര വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന

ഉദ്ദേശ്യത്തോടുകൂടിയാണ് സർക്കാർ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ഏറ്റവും ഗുണനിലവാരമുള്ള അക്കാഡമിക് കണ്ടന്റാണ് തയ്യാറാക്കി വരുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ യാതൊരു ധൃതിയും അക്കാര്യത്തിലില്ല. എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഏറ്റവും ഭംഗിയായി നിറവേറ്റാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അംഗം സൂചിപ്പിച്ചതുപോലെ, ഏറ്റവും പാവപ്പെട്ടവരും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികളാണ് ഈ മോഡിൽ അപേക്ഷിക്കുന്നവരിൽ ഭൂരിഭാഗംപേരും എന്നതുകൊണ്ടുതന്നെ ഏറ്റവും ഗുണമേന്മയുള്ള മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ അവർക്കുവേണ്ടി ഒരുക്കുന്നതിനാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേരളത്തിൽ വിദൂര വിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകൾക്ക് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വഴിതെളിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തതായി കണ്ടു. എന്റെ ഈ ചോദ്യം എന്റെ ഒരു അപേക്ഷ കൂടിയാണ്. ശ്രീനാരായണ ഗുരുദേവൻ സംസ്കൃതം പഠിക്കാൻ കായംകുളത്തെ വാരണപ്പള്ളി തറവാട്ടിലാണ് വന്നത്. അവിടെ കുന്നമ്പള്ളി രാമൻപിള്ള ആശാന്റെ വീട്ടിലാണ് പഠിച്ചത്. അതുകൊണ്ട് ഒരു റീജിയണൽ സെന്റർ കായംകുളം കേന്ദ്രമാക്കി സ്ഥാപിക്കുന്നതിന് മുൻകയ്യെടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, പല എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ ഉണ്ടാകണമെന്നുള്ള രീതിയിൽ കത്തുകൾ നൽകിയിട്ടുണ്ട്. അതിന്റെ ഫീസിബിലിറ്റി പരിശോധിച്ച് ഏറ്റവും കൂടുതൽ അപേക്ഷകർ വരുന്ന കേന്ദ്രങ്ങൾകൂടി പരിഗണിച്ചുകൊണ്ട് നമുക്ക് വഴിയാൽ തീരുമാനമെടുക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടി നമ്മളെല്ലാവരെയും വിസ്മയപ്പെടുത്തുകയാണ്. ഏത് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ മറ്റു സർവ്വകലാശാലകൾക്ക് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ നടത്താമെന്നുള്ള

ഉത്തരവിറക്കിയിരിക്കുന്നത്. ഈ നിയമസഭ പാസ്സാക്കിയ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമം ഇവിടെ നിലനിൽക്കുകയാണ്. ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിന്റെ 72-ാം വകുപ്പിൽ കൃത്യമായി പറഞ്ഞിരിക്കുന്നു. ഈ സർവ്വകലാശാല നിലവിൽ വരുന്നതോടുകൂടി കേരളത്തിലെ മറ്റൊരു സർവ്വകലാശാലയ്ക്കും ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ രജിസ്ട്രേഷൻ സ്വീകരിക്കാൻ പാടില്ലായെന്ന് നിയമം പാസ്സാക്കിയിരിക്കുന്നു. എങ്ങനെയാണ് നിയമസഭ പാസ്സാക്കിയ നിയമത്തെ ഒരു ഉത്തരവിലൂടെ ബൈപ്പാസ് ചെയ്യുന്നത്? ഇത് നിയമസഭയോടുള്ള അവഹേളനമാണ്. അത് നിലനിൽക്കാത്ത ഒരു കാര്യമാണ്. ആരാണ് നിയമോപദേശം കൊടുത്തിരിക്കുന്നത്; ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമത്തെ ബൈപ്പാസ് ചെയ്യാൻ എങ്ങനെയൊരു സർക്കാർ ഉത്തരവുകൊണ്ട് സാധിക്കുമെന്ന് മന്ത്രി വ്യക്തമാക്കണം.

<u>ഡോ. ആർ. ബിന്ദു</u>: സർ, ശ്രീനാരായണഗുരു സർവ്വകലാശാലാ ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന്റെ 63-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരമാണ് ഇപ്പോൾ ഈ ഉത്തരവ് ഇറക്കിയിട്ടുള്ളത്. 63-ാം വകുപ്പ് ഇപ്രകാരമാണ് പറയുന്നത്. 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ - ഈ ആക്ടിലെ വ്യവസ്ഥകൾ

നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്.' എന്നാൽ ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്നുവർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പുപ്രകാരം അങ്ങനെയുള്ള യാതൊരുവിധ ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' എന്ന ക്ലോസ് ഒരു നിയമത്തിൽ വയ്ക്കുന്നത് എന്തിനുവേണ്ടിയിട്ടാണെന്നുപോലും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയില്ലെങ്കിൽ സങ്കടകരമാണ്. ഇത് ഏതെങ്കിലും ഒരു കോടതിയിൽ ചെന്നാൽ അല്ലെങ്കിൽ നിയമത്തിന്റെ സാമാന്യ ബോധമുള്ള ആരോടെങ്കിലും പറയാൻ കഴിയുമോ; ഒരു സെക്ഷനിൽ വച്ചിരിക്കുന്ന ഒരു കാര്യം ബൈപ്പാസ്സ് ചെയ്യാൻ, വൈഷമ്യങ്ങൾ നീക്കുന്ന ക്ലോസ് എന്തിനാണ് ഒരു ആക്ടിൽ വച്ചിരിക്കുന്നത്; ഇത് എന്താണിവിടെ നടക്കുന്നത്. എന്തിനാണ് നിയമസഭ; എന്തിനാണ് നിയമസഭ നിയമം പാസ്സാക്കുന്നത്; നിയമസഭ പാസ്സാക്കുന്ന നിയമത്തെ

കാറ്റിൽ പറത്തിക്കൊണ്ട് തോന്നിയതുപോലെ സർക്കാർ ഉത്തരവിറക്കാനാണോ?

മി. സ്പീക്കർ: അങ്ങയുടെ ഉപചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നിയമസഭയിലാണ് ഓരോ മണ്ഡലങ്ങളുടേയും ജില്ലയുടേയും വികസനങ്ങൾ ജനപ്രതിനിധികൾ അവതരിപ്പിക്കുക. എന്റെ നിയോജകമണ്ഡലമായ വയനാട് സുൽത്താൻ ബത്തേരിയിൽ, ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുന്നതിനുവേണ്ടി പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാമത്തെ സമ്മേളനത്തിലും ഞാൻ അതുമായി ബന്ധപ്പെട്ട സബ്മിഷൻ ഉന്നയിച്ചിരുന്നു. മാത്രമല്ല, ഗവൺമെന്റ് കോളേജ് തുടങ്ങുന്നതിനുവേണ്ടി അനുകൂല റിപ്പോർട്ട് ഗവൺമെന്റിലുണ്ട്. സാമ്പത്തിക സ്ഥിതി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നാണ് കഴിഞ്ഞ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. പ്രസ്തുത കോളേജ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ നിരവധി അംഗങ്ങൾ തങ്ങളുടെ മണ്ഡലത്തിൽ ഗവൺമെന്റ് കോളേജുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ആദ്യംതന്നെ ഗവൺമെന്റ് കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച നയപരമായ ഒരു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ, ഏതൊക്കെ സ്ഥലങ്ങളിൽ കോളേജുകൾ അനുവദിക്കേണ്ടതുണ്ടെന്ന തീരുമാനം കൈക്കൊണ്ടശേഷം അറിയിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ പദ്ധതിക്കുള്ള പ്രതിസന്ധി സംബന്ധിച്ച് ഒന്നാം നിയമസഭാ സമ്മേളനത്തിൽ ഞാൻ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. യാതൊരു പ്രതിസന്ധിയുമില്ലെന്നും സെപ്റ്റംബറിൽ ഇതുമായി ബന്ധപ്പെട്ട പോർട്ടൽ ഓപ്പൺ ചെയ്യുമെന്നുമാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇപ്പോൾ മന്ത്രി പറയുന്നത് മറ്റ് സർവ്വകലാശാലകളിൽ തുടങ്ങാൻ ഉത്തരവ് നൽകിയെന്നാണ്. അതിനുകാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ

തീരുമാനിച്ച എന്നതാണ്. മരം മുറി സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു കാര്യം പറഞ്ഞിട്ടുണ്ട്, നിയമങ്ങളും ചട്ടങ്ങളും മറികടന്ന് ഇറക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ഉത്തരവുകൾ അലോസരമുണ്ടാക്കുന്നു എന്നതാണത്. ഇവിടെയൊരു നിയമം നിലനിൽക്കുകയാണ്. ആ നിയമം നിലനിൽക്കുമ്പോൾ സർക്കാർ ചെയ്യേണ്ടത് നിയമസഭയിൽ ഭേദഗതി കൊണ്ടുവരണം. അങ്ങനെ ഭേദഗതി കൊണ്ടുവരാതെ, മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടി, നിയമപ്രശ്നങ്ങളിൽ മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടിയാൽ പരിഹാരമാകില്ല. ഇക്കാര്യത്തിൽ ഏറ്റവും പ്രായോഗികമായ ഒരു നിലപാട് സ്വീകരിച്ച് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

ഡോ. ആർ. ബിന്ദു: സർ, വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകാതെ ശ്രദ്ധ പുലർത്തുമെന്ന തന്നെയാണ് കഴിഞ്ഞ സമ്മേളനത്തിലും മറുപടി നൽകിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകേണ്ടുന്ന യാതൊരു പ്രശ്നവുമില്ല. ഇത് ആക്ടിലെ പ്രൊവിഷൻസ് അനുസരിച്ചുതന്നെയാണ് ചെയ്തിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)